## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ : 61** **30.11.2018-ൽ മറുപടിയ്ക്ക്**

### എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗത്തെ ആധുനീകരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. .വി. അബ്ദുറഹിമാൻ<br>ശ്രീ. റ്റി.വി.രാജേഷ്<br>ശ്രീ. എം. നൗഷാദ്<br>ശ്രീ. ജോൺ ഫെർണാണ്ടസ് | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പുമന്ത്രി |
| (എ) മുൻ സർക്കാർ ജനതാല്പര്യബാഹ്യമായ കാരണങ്ങളാൽ മദ്യലഭ്യത കുറച്ചതിന്റെ ഫലമായി വ്യാപിച്ച മയക്കമരുന്നുപയോഗം ഇല്ലാതാക്കാനായി സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) ലഹരി പദാർത്ഥങ്ങളുടെ ഉത്പാദനം, വിതരണം, ഉപയോഗം എന്നിവ തടയുന്നതിനായി എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെൻറ് പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ലഹരി വസ്തുക്കൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും മറ്റു സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെൻറ് വിഭാഗങ്ങളുമായി സഹകരിച്ച് സംയുക്തമായി വിവരങ്ങൾ കൈമാറി പരിശോധനകൾ ശക്തിപ്പെടുത്തുകയും ചെയ്തുവരുന്നു. കൂടാതെ സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ മറൈൻ എൻഫോഴ്സ്മെൻറ്, കോസ്റ്റൽ പോലീസ്,ആർ.പി.എഫ്., ഡ്രഗ്സ് കൺട്രോളർ തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് സംയുക്ത പരിശോധനകളും നടത്തി വരുന്നുണ്ട്. സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങളെയും ഉൾപ്പെടുത്തി കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ |

| | | | |
|---|---|---|---|
| | | | "വിമുക്തി" യുടെ ഭാഗമായി വ്യാപകമായി ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. |
| (ബി) | മയക്കുമരുന്നു കടത്തിന് അന്താരാഷ്ട്രബന്ധം ഉണ്ടെന്ന് വെളിപ്പെട്ടതിനാൽ മയക്കുമരുന്നുകടത്ത് തടയുന്നതിനും ലഹരി മാഫിയയുടെ വേരറുക്കുന്നതിനും എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശാക്തീകരിക്കാനും ആധുനീകരിക്കാനും പദ്ധതിയുണ്ടോ;വിശദാംശം നൽകുമോ; | (ബി) | നിരോധിത ലഹരി വസ്തുക്കൾ വിദേശ രാജ്യങ്ങളിൽ നിന്നും അയൽ സംസ്ഥാനങ്ങളിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവന്ന് വിപണനം നടത്തുന്നത് തടയുന്നതിന് അതിശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എക്സൈസ് വകുപ്പിൽ നിരവധി പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുകയുണ്ടായി. എക്സൈസ് വകുപ്പിന്റെ അംഗബലം കാലോചിതമായി പരിഷ്കരിക്കുന്നതിലേയ്ക്കായി 244 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും പുതിയ ഓഫീസുകൾ പ്രവർത്തനം ആരംഭിക്കുകയുമുണ്ടായി. കൂടുതൽ വനിത ജീവനക്കാരെ എക്സൈസ് സേനയിൽ നിയമിച്ചു. ഉത്തരമേഖല കേന്ദ്രീകരിച്ച് ഒരു മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറി ആരംഭിച്ചിട്ടുണ്ട്. എക്സൈസ് ജീവനക്കാർക്ക് ആവശ്യമായ കായിക പരിശീലനം നൽകി വരുന്നു. ഓഫീസുകളിലെ പഴയ വാഹനങ്ങൾ മാറ്റി പുതിയവയും വനിതാ പട്രോളിംഗ് സ്ക്വാഡിനായി 100 സ്കൂട്ടറുകളും അനുവദിച്ചിട്ടുണ്ട്. ഓഫീസുകളിലേക്ക് പുതിയ കംപ്യൂട്ടറുകൾ വിതരണം ചെയ്യുകയും എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിനായി വയർലസ് സംവിധാനം സ്ഥാപിക്കുന്നതിന് 2 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും പദ്ധതി നിർവ്വഹണത്തിന്റെ നടപടികൾ |

പുരോഗമിച്ചു വരികയുമാണ്.

എക്സൈസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം സുതാര്യവും, കാര്യക്ഷമവുമാക്കാൻ 14 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സി.സി. റ്റി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുകയും, പ്രധാനപ്പെട്ട 10 എക്സൈസ് ചെക്ക് പോസ്റ്റുകൾ കംപ്യൂട്ടർവത്ക്കരിക്കുകയും, എക്സൈസ് ചെക്ക് പോസ്റ്റുകളിലെ ഉപയോഗത്തിനായി 20 മോട്ടോർ ബൈക്കുകൾ അനുവദിക്കുകയും ചെയ്തു. ചെക്ക്പോസ്റ്റുകളിൽ എൽ.ഇ.ഡി സൈൻ ബോർഡുകളും , 25 ചെക്ക് പോസ്റ്റുകളിൽ സോളാർ എൽ.ഇ.ഡി ഹൈമാസ്റ്റ് ലാംമ്പുകളും, മുത്തങ്ങ, ചിന്നാർ എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സോളാർ ലൈറ്റിംഗ് ഫെസിലിറ്റിയും സ്ഥാപിക്കുകയും ചെയ്തു.

| | |
|---|---|
| (സി) മറ്റ് രാജ്യങ്ങളിൽ നിന്നും സംസ്ഥാനങ്ങളിൽ നിന്നുമുള്ള മയക്കമരുന്ന് കടത്ത്, സ്രോതസ്സിൽ വച്ചുതന്നെ തടയാൻ കേന്ദ്ര ഏജൻസികളുടെയും ഇതര സംസ്ഥാന എൻഫോഴ്സ്മെന്റ് സംവിധാനത്തിന്റെയും സഹായത്തോടെ ഏകീകരിച്ച പ്രവർത്തനം സാധ്യമാകുന്നുണ്ടോയെന്നറിയിക്കുമോ? | (സി) നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്. ട്രെയിൻ വഴിയുള്ള ലഹരി കടത്ത് തടയുന്നതിന് ആർ.പി.എഫ് മായി ചേർന്ന് റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും സംയുക്ത പരിശോധനകൾ സംഘടിപ്പിച്ച് വരുന്നു.<br>വിവിധ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെൻറ് വിഭാഗങ്ങളുടെ ഏകോപനവും സഹകരിച്ചുള്ള പ്രവർത്തനവും ഉറപ്പുവരുത്തുന്നതിന് വകുപ്പുകൾ തമ്മിലുള്ള യോഗങ്ങൾ സംഘടിപ്പിച്ച് ചർച്ചകൾ നടത്തി വരുന്നതും വിവരങ്ങൾ പരസ്പരം കൈമാറുന്നതിന് നടപടി സ്വീകരിച്ചിട്ടുമുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ |

തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെൻറ് ഏജൻസികളുമായി ചേർന്ന് അതിർത്തി പ്രദേശങ്ങളിൽ സംയുക്ത പരിശോധനകളും നടത്തി വരുന്നു. കേന്ദ്ര ഏജൻസിയായ നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ, കസ്റ്റംസ് & സെൻട്രൽ എക്സൈസ്, പോലീസ് എന്നീ വകുപ്പുകളുമായി ചേർന്ന് കൃത്യമായ ഇടവേളകളിൽ യോഗങ്ങൾ സംഘടിപ്പിക്കുകയും മയക്കുമരുന്ന് കടത്തും വിപണനവും തടയുന്നതിനുതകുന്ന പ്രായോഗിക നടപടികൾ ചർച്ച ചെയ്യുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തുവരുന്നു. അന്താരാഷ്ട്ര ബന്ധമുള്ള മയക്കുമരുന്ന് കേസുകളിൽ എൻ.സി.ബി. നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി അടക്കമുള്ള അന്താരാഷ്ട്ര അന്വേഷണ ഏജൻസികളുമായി ചേർന്ന് കാര്യക്ഷമമായ അന്വേഷണം നടത്തുന്നതിന് നടപടിയെടുത്തു വരുന്നു .

**സെക്ഷൻ ഓഫീസർ**